ഉത്തരം

(എ) ഉണ്ട്. 2012-13 ഇറക്കുമതി ചെയ്ത 8,92,365 മെട്രിക് ടണ്ണിന്റെ സ്ഥാനത്ത് 2013-14 ൽ 7,71,356 മെട്രിക് ടൺ മാത്രമാണ് ഇറക്കുമതി ചെയ്തത്. ഇറക്കുമതിയിൽ പതിമൂന്നര ശതമാനത്തിന്റെ കുറവു സംഭവിച്ചിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനായി കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസി മുഖാന്തിരം ആദ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) വിയറ്റ്നാം കൂടാതെ പല ആഫ്രിക്കൻ രാജ്യങ്ങളും തോട്ടണ്ടി സംഭരണം തുടങ്ങിയതും ആഫ്രിക്കൻ രാജ്യങ്ങളിലെ ആഭ്യന്തര പ്രശ്നങ്ങളും തോട്ടണ്ടിയുടെ ഉയർന്ന വിലയും ഇറക്കുമതി കുറയാൻ മുഖ്യ കാരണങ്ങളാണ്.

(സി) അസംസ്കൃത തോട്ടണ്ടിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ 2007-ൽ കാഷ്യൂ സ്പെഷ്യൽ ഓഫീസർ ചെയർമാനായി കേരള സംസ്ഥാന കശുമാവ് കൃഷി വികസന ഏജൻസിക്ക് (കെ.എസ്.എ.സി.സി)-ക്ക് രൂപം നൽകുകയും അതുവഴി "ജൈവകശുമാവ് കൃഷിയും അസംസ്കൃത തോട്ടണ്ടി ബാങ്ക്" എന്ന പദ്ധതി മുഖാന്തിരം അത്യുൽപാദന ശേഷിയുള്ളതും മൂന്നാം വർഷം കായ്ക്കുന്നതുമായ മേൽത്തരം ഗ്രാഫ്റ്റ് തൈകളും വിതരണം ചെയ്തു വരികയുമാണ്.

പൊതുമേഖലാസ്ഥാപനങ്ങളുടെ നിരീക്ഷണം

302 (642) <u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമേഖലാ സ്ഥാപനങ്ങളെയും യൂണിറ്റുകളെയും മോണിറ്റർ ചെയ്യുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉത്പാദനം, മാർക്കറ്റിംഗ് എന്നിവ ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതു മേഖലാ സ്ഥാപനങ്ങളെയും യൂണിറ്റുകളെയും മോണിറ്റർ ചെയ്യുന്നതിനായി സ്വീകരിച്ച നടപടികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്തെ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉത്പ്പാദനം, മാർക്കറ്റിംഗ് എന്നിവ ശക്തിപ്പെടുത്തുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ (കശുവണ്ടിമേഖല ഉൾപ്പെടെ) പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായുള്ള വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ 563.68 കോടി രൂപയുടെ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. ഈ വർഷത്തെ ബഡ്ജറ്റിൽ 150 കോടി രൂപയും നീക്കിവച്ചിട്ടുണ്ട്. മാർക്കറ്റിംഗ് ശക്തിപ്പെടുത്തുന്നതിനായി അന്യ സംസ്ഥാനങ്ങളിൽനിന്നുള്ള ഓർഡറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കേന്ദ്ര പൊതുമേഖലയുമായി സഹകരിച്ച് പ്രവർത്തിച്ച് ഉത്പ്പാദനം, മാർക്കറ്റിംഗ് എന്നിവ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരവും മികവിന്റെ കേന്ദ്രവും ആക്കുന്നതിന് നടപടി

303 (643) ശ്രീ. സി. എഫ്. തോമസ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ടി. യു. കുരുവിള :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവര സാങ്കേതികവും വകുപ്പുമന്ത്രി സഭയും മറുപടി നൽകുമോ :

(എ) കെൽട്രോൺ ഉൾപ്പെടെയുള്ള കേരളത്തിലെ പൊതുമേഖല സംരംഭങ്ങളെ ലാഭകരവും മികവിന്റെ കേന്ദ്രങ്ങളും ആക്കുന്നതിന് ഈ ഗവൺമെന്റ് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ ;

(ബി) ആധുനിക സമൂഹത്തിന്റെ ആവശ്യകതകൾ മനസ്സിലാക്കി കൂടുതൽ ഉത്പാദന സംരംഭങ്ങൾ ആരംഭിക്കുന്നതിന് നടപടികൾ ഉണ്ടാകുമോ ?

ഉത്തരം

(എ) കെൽട്രോൺ ഉൾപ്പെടെയുള്ള കേരളത്തിലെ പൊതുമേഖല സംരംഭങ്ങളെ ലാഭകരവും മികവിന്റെ കേന്ദ്രങ്ങളും ആക്കുന്നതിന് ഈ ഗവൺമെന്റ് സ്വീകരിച്ചുവരുന്ന നടപടികൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ആധുനിക സമൂഹത്തിന്റെ ആവശ്യകതകൾകൂടി മനസ്സിലാക്കിക്കൊണ്ട് പൊതുമേഖലാ സ്ഥാപനങ്ങളിൽ ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണവും നടപ്പിലാക്കിവരുന്നുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly